# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4289 3.02.2014-ൽ മറുപടിയ്ക്ക്**

**മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ സ്റ്റാഫ് പാറ്റേൺ**

**ചോദ്യം**

**ശ്രീ. എ.കെ. ബാലൻ**

**ഉത്തരം**

**ശ്രീ. എ.പി. അനിൽകുമാർ**
**(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അധ്യാപകരുടെയും ജീവനക്കാരുടെയും സ്റ്റാഫ് പാറ്റേൺ വിശദമാക്കുമോ; | (എ) | 05.11.2008 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 107/2008/പജപവവിവ പ്രകാരമാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിട്ടുള്ളത്. ആയത് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത സ്റ്റാഫ് പാറ്റേൺ പ്രകാരം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ ഈ തസ്തികകൾ പൊതുവിദ്യാഭ്യാസ വകുപ്പിൻ കീഴിലാണോ, പട്ടികജാതി വികസന വകുപ്പിൻ കീഴിലാണോ, എന്ന് വ്യക്തമാക്കുമോ; | (ബി) | അദ്ധ്യാപക തസ്തികകൾ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലും അനദ്ധ്യാപക തസ്തികകൾ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുമാണ്. |
| (സി) | ഈ തസ്തികകളിലെ ഒഴിവുകളിൽ സ്ഥിരം നിയമനം നടത്താൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | അദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ വിദ്യാഭ്യാസ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. അദ്ധ്യാപകേതര ഒഴിവുകൾ പിഎസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | ഈ സ്കൂളുകളിൽ വർഷങ്ങളായി താല്കാലിക അധ്യാപകരാണ് ജോലി ചെയ്യുന്നതെന്ന് അറിയാമോ; അധ്യാപകരില്ലാത്തത് കാരണം സ്കൂളുകളുടെ അക്കാദമിക് നിലവാരം താഴുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | സ്ഥിരം അദ്ധ്യാപകരെ ലഭ്യമാകാത്ത ഒഴിവുകളിലേക്കാണ് താത്കാലിക അദ്ധ്യാപകരെ നിയമിച്ചിട്ടുള്ളത്. സ്ഥിര നിയമനത്തിനുള്ള നടപടി സ്വീകരിച്ചു വരുന്നു. എം.ആർ.എസ്-കളിൽ നിലവിൽ അദ്ധ്യാപകരില്ലാത്ത സ്ഥിതി ഇല്ല. അക്കാദമിക് നിലവാരം താഴുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | എം.ആർ.എസ്. കളിലെ 2013 ലെ എസ്.എസ്.എൽ.സി. വിജയശതമാനം വ്യക്തമാക്കുമോ; | (ഇ) | 100% |
| (എഫ്) | എത്ര എം.ആർ.എസ്.കൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എഫ്) | കോഴിക്കോട് ജില്ലയിലെ ഉള്ളേരി എം.ആർ.എസ്. മാത്രമാണ് നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. |
| (ജി) | ലാബ്, ലൈബ്രറി, മുതലായ സൗകര്യങ്ങൾ ഇല്ലാത്ത എത്ര എം.ആർ.എസ്.കൾ ഉണ്ട്; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ജി) | തൃശ്ശൂർ ജില്ലയിലെ ചേലക്കര എം.ആർ.എസ്. ൽ ലാബ് സൗകര്യവും, വടക്കാഞ്ചേരി എം.ആർ.എസ്. ൽ ലാബ്, ലൈബ്രറി സൗകര്യങ്ങൾ പരിമിതമാണ്. |

Sali. K.T

**സെക്ഷൻ ആഫീസർ**